LIBRARY ARCHIVES Kerala Legislative Assembly

ലഹരിമരുന്ന് വിൽപ്പന തടയുന്നതിന് നടപടി

50 (4485) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നാളിതുവരെ ലഹരിമരുന്ന് വിൽപ്പനയുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ഇതിൽ എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും, എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ലഹരിമരുന്നിന്റെ ഉപഭോഗവും വിൽപ്പനയും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 902 കേസുകൾ

(ബി) 902 കേസുകളിലായി 1057 പേർക്കെതിരെ കേസെടുത്തിട്ടുണ്ട് അതിൽ 173 പേരെ ശിക്ഷിച്ചിട്ടുണ്ട്.

(സി) ലഹരിമരുന്നിന്റെ ഉപഭോഗവും വിൽപ്പനയും തടയുന്നതിന്റെ ഭാഗമായി ജില്ലാ നാർക്കോട്ടിക് സെല്ലിന്റെ സഹകരണത്തോടെ സംശയിക്കുന്ന സ്ഥലങ്ങളേയും വ്യക്തികളേയും പ്രത്യേകം നിരീക്ഷിക്കുകയും, മിന്നൽപരിശോധന നടത്തുകയും, രഹസ്യമായും മറ്റും കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു.

നാർക്കോട്ടിക് & ഡ്രഗ്സ്/സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് അനുസരിച്ച് പിടിച്ചെടുത്ത വസ്തുക്കൾ

51 (4486) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. സുജനപാൽ :
ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗം കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ;